ഇൻഡ്യാഗവണ്മെൻറിനുവേണ്ടി സ്ലീപ്പേഴ്സ് വെട്ടിയിറക്കുന്നതിന് ആവശ്യമുള്ള തുകയാണ്. ഇതിൽ വരവിനമുണ്ടെങ്കിലും ഇപ്പോൾ ആവശ്യമുള്ള തുകയാണ് ഇതിൽ കൊള്ളിച്ചിരിക്കുന്നത്. ഫോറസ്റ്റിലേയ്ക്കു് ആവശ്യമുള്ള പാലങ്ങൾ, ഇലക്ട്രിഫിക്കേഷൻ മുതലായ ആവശ്യത്തിനുവേണ്ടിയാണ് 3,40,000 രൂപ കൊള്ളിച്ചിരിക്കുന്നത്. അതിൽ 20,300 രൂപ രണ്ടു ജീപ്പ് വാങ്ങിക്കുന്നതിനാണ്. ഈ തുക അനുവദിച്ചുതരണം.

The question that a supplementary sum not exceeding Rs. 4,24,100 be granted under Demand V-10. Forests, was put and carried.

The grant was made.

## Demand VI—11. Registration.

*Minister for Health* (SHRI A. A. RAHIM): I move that a supplementary grant of Rs. 8,000 under Demand No. VI—11. Registration.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹിം: സർ, അതു് ചാത്തന്നൂർ സബ് രജിസ്റ്റർ ആഫീസ് ഇടുന്നതിനുള്ള ഒരു കെട്ടിടവും സ്ഥലവും വിലയ്ക്കു വാങ്ങുന്നതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകയാണ്.

ശ്രീ. പി. രവീന്ദ്രൻ: ചാത്തന്നൂർ ഒരു സബ്‌രജിസ്റ്റർ ആഫീസ് സ്ഥാപിക്കുന്നതിനു പുതിയതായി ഒരു കെട്ടിടവും സ്ഥലവും അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നതായി പറഞ്ഞു. ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന കെട്ടിടവും സ്ഥലവും അതിനു പററിയതാണെന്നുള്ളതിനോടു ഞാൻ യോജിക്കുന്നു. ഒരു കാര്യം ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളതു്, പുതിയ സ്ഥലവും കെട്ടിടവും അക്വയർ ചെയ്തു എടുക്കുന്നതുവരെ ഇപ്പോൾ കിടക്കുന്ന സ്ഥലത്തുതന്നെ തുടരണമെന്നും അവിടെനിന്നും മാററാൻ പാടില്ലെന്നുള്ളതുമാണ്.

ശ്രീ. എ. എ. റഹിം: അങ്ങനെതന്നെ.

The question that a supplementary sum not exceeding Rs. 8,000 be granted under Demand VI—11. Registration, was put and carried.

The grant was made.

## Demand IX—25. General Administration

*Chief Minister* (SHRI PANAMPILLI GOVINDA MENON): I move for a Supplementary Grant of Rs. 48,200 under Demand No. IX—25. General Administration.

SHRI A. J. John: I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സംഖ്യയിൽ 23,900 രൂപ മാസ്റ്ററഹോസ്റ്റലിനു വേണ്ടിയാണ്. പക്ഷേ, പുതിയതായ ഒരു ചെലവല്ല. കൺട്രോളർ ആവശ്യപ്പെട്ടതനുസരിച്ചും, അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കണ്ടിജൻസി ഫണ്ടിൽനിന്നും മാസ്റ്ററ ഹോട്ടൽ നടത്തുന്നതിനായി 1954–55–ൽ അഡ്വാൻസു ചെയ്യുകയുണ്ടായി. അങ്ങനെ അഡ്വാൻസു ചെയ്തതിനുശേഷം ഈ സംഖ്യ മുഴുവൻ കൊടുക്കുന്നതിനുപകരം 5,100 രൂപ മാത്രമാണ് കഴിഞ്ഞകൊല്ലം സപ്ലിമെന്ററി ഗ്രാന്റായി കൊടുത്തതു്. എന്നാൽ കൺട്രോളർ പറയുന്നതു് സാങ്കേതികമായി ആ നടപടി ശരിയാകണമെങ്കിൽ തുക മുഴുവനും സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ചു കൊടുത്തു് അപ്രാപ്രിയേററു ചെയ്യണമെന്നാണ്. അതുകൊണ്ടാണ് ഈ സംഖ്യ സാങ്കേതികമായ ഒരു റൂളനുസരിച്ചു് ആവശ്യപ്പെടുന്നതു്.

പിന്നെ ഒന്നു് നമ്മുടെ രാജ്യത്തുള്ള താലൂക്കുകളും വില്ലേജുകളും റീഡിസ്ട്രിബ്യൂഷൻചെയ്യുന്ന കാര്യത്തിനു് അന്വേഷണം നടത്തുവാൻ ഒരു കമ്മിററിയെ വച്ചിട്ടുണ്ടു്. നമ്മുടെ രാജ്യത്തു താലൂക്കുകളും വില്ലേജുകളും ഉണ്ടായതിനുശേഷം ഈ രാജ്യത്തിനു കിഴക്കോട്ടു വളരെ ഏറെ ഭാഗം മനുഷ്യവാസമുള്ള സ്ഥലമായി വന്നിട്ടുണ്ടു്. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം മുഴുവനും എടുത്തുനോക്കുകയാണെങ്കിൽ വില്ലേജുകൾ പല നിലയിലാണ് കിടക്കുന്നതു്. അയ്യായിരം മുതൽ പതിനായിരംവരെ ആളുകൾമാത്രം അധിവസിക്കുന്ന വില്ലേജുകളും, അൻപതിനായിരവും, എഴുപതിനായിരവും ആളുകൾ അധിവാസമുള്ള വില്ലേജുകളും ഉണ്ടു്. താലൂക്കുകളും വളരെ ഏറെ വിഷമങ്ങൾ ഉണ്ടാക്കത്തക്കവിധത്തിലാണു കിടക്കുന്നതു്. അതേപ്പററി അന്വേഷണം നടത്തണമെന്നു ഗവണ്മെന്റിനു ബോദ്ധ്യം വന്നതുകൊണ്ടു് ഗവണ്മെന്റ് ഒരു കമ്മിററിയെ വച്ചു. ആ കമ്മിററിയുടെ സെക്രട്ടറി, സ്റ്റാഫ് മുതലായവരുടെ ചെലവു കൾക്കുവേണ്ടിയാണ് ഈ തുക കൊള്ളിച്ചിരിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള : ഈ താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുകയാണെങ്കിൽ അതിലേയ്ക്കുള്ള ചെലവു കൂടുതലായി വരാതെയിരിക്കത്തക്കവണ്ണം പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട മെംബർ അങ്ങനെ പറഞ്ഞിട്ടുള്ളതുകൊണ്ടു് അങ്ങനെ എഴുതി അറിയിക്കുകയും ചെയ്യാം.

ശ്രീ. പ്രാക്കുളം ഭാസി : സംസ്ഥാന പുനഃസംഘടനാക്കമ്മിഷന്റെ റിപ്പോർട്ടു് വന്നതിനുശേഷവും ഈ കമ്മിററിയുടെ പ്രവർത്തനം ഇനിയും തുടർന്നു നടത്തണമെന്നാണോ ഗവണ്മെന്റ വിചാരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കമ്മിററിയുടെ പ്രവർത്തനം തുടരുന്നതുകൊണ്ടു ദോഷം ഒന്നും വരുകയില്ലല്ലോ.

ശ്രീ. പ്രാക്കുളം ഭാസി : മററു താലൂക്കുകൾ വിഭജിച്ചു പോകേണ്ടിയിരിക്കുന്നതുകൊണ്ടു ഇപ്രകാരമുള്ള നടപടിക്കു് ഇഫക്ടുണ്ടാകുകയില്ലല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നമുക്കു ഒരു പരിഷ്കാരം വരുത്തിക്കൊണ്ടുപോകാൻ അനുവദിക്കരുതോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി: ഈ കമ്മിററിയുടെ ഉദ്ദേശം താലൂക്കുകളും പകുതികളും റീ അഡ്ജസ്ററ ചെയ്യുക എന്നുള്ളതാണെന്നല്ലേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. പ്രാക്കുളം ഭാസി: സംസ്ഥാന പുനഃസംഘടനാക്കമ്മീഷന്റെ റിപ്പോർട്ടുപ്രകാരം ഈ സ്റ്റേററിൽനിന്നും ഏതാനുംഭാഗം മററ സ്റ്റേററിലേയ്ക്കു് പോകുമെന്നുള്ളതുകൊണ്ടു് ഈ കമ്മിററിയുടെ പ്രവൎത്തനം ഇനിയും തുടൎന്നുകൊണ്ടുപോകണമെന്നു തീരുമാനിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതൊക്കെ ഊഹാപോഹങ്ങളാണു്.

ശ്രീ. പ്രാക്കുളം ഭാസി: റിപ്പോർട്ടു കിട്ടിയതിനുശേഷവും ഊഹാപോഹമാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്നും തീരുമാനമായിട്ടില്ലല്ലോ.

ശ്രീ. കെ. എ. ശിവരാമഭാരതി: കേരളസംസ്ഥാനം വരുമ്പോൾ റീ ഡിസ്ട്രിബ്യൂഷൻ വരികയില്ലേ. ആ സമയത്തു് അതു ചെയ്താൽ പോരെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേണമെങ്കിൽ നിൎത്തിവയ്ക്കാം.

ഇരുപത്തി ആറാമത്തേതു ബോർഡു് ആഫ് റവന്യൂവിൽ ഒരു ക്ലാൎക്കിനെ നിയമിച്ചതിനുള്ള ചെലവിലേയ്ക്കാണു്. കൊച്ചിൻ ഏരിയായിൽ ബേസിക്ടാക്സ് ഏർപ്പെടുത്തിയതിനെ തുടർന്നു് ഒരു അഡീഷണൽ ക്ലാൎക്കിനെ വേണമെന്നുള്ളതിലേയ്ക്കാണു്.

ഇരുപത്തിഏഴാമത്തേതു ഇൻകംടാക്സ് കടിശ്ശിക പിരിക്കുന്നതിലേയ്ക്കു് ഇൻഡ്യാ ഗവണ്മെൻറിൽ നിന്നുമുള്ള നിർദ്ദേശമനുസരിച്ചു ഒരു സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്. അതിന്റെ ചെലവുമുഴുവൻ ഇൻഡ്യാഗവണ്മെൻറു് വഹിച്ചുകൊള്ളാമെന്നു് ഏററിട്ടുണ്ടു്. പക്ഷെ, നമ്മുടെ സ്റ്റേററിൽനിന്നുമാണു് ആ സ്റ്റാഫിനെ വയ്ക്കേണ്ടതു്. അതു് മുമ്പെ ഗവണ്മെൻറ നിയമിച്ചുപോയതുകൊണ്ടു അതിലേയ്ക്കാവശ്യമുള്ള ചെലവിലേയ്ക്കാണു് 15,700 രൂപ കൊള്ളിച്ചിട്ടുള്ളതു്. ഈ ഇനത്തിലുള്ള സംഖ്യകൾ എല്ലാംകൂടി 48,200 രൂപ വോട്ടുചെയ്തു തരാൻ അപേക്ഷിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: 24-ാമതു ഐറററത്തിൽ കൊള്ളിച്ചിട്ടുള്ള തുകയെ സംബന്ധിച്ചു, മാസ്കററ ഹോട്ടൽ നടത്തിയിരുന്ന വകയിൽ ഗവണ്മെൻറിലേയ്ക്കു ഈടാക്കാനുള്ള തുകയ്ക്കു് റെവന്യൂറെക്കവറി ആക്ടനുസരിച്ചു നടപടി നടത്തിക്കൊണ്ടിരിക്കുകയാണെന്നു പറഞ്ഞിരുന്നു. ആ വക സംഖ്യ മുഴുവൻ ഈടാക്കിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇൻകംടാക്സ് ഇൻഡ്യാഗവണ്മെൻറിന്റെ കീഴിലല്ലേ? പിന്നെ ഇവിടെ സ്റ്റാഫിനെ നിയമിച്ചതെങ്ങനെയാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർ ആവശ്യപ്പെട്ടിട്ടാണ്. അവർ നിയമിച്ചിട്ടുള്ളതു് ലയിസൺ ആഫീസറന്മാരായിട്ടാണ്.

ശ്രീ. എ. താണുപിള്ള: അപ്പോൾ അവർ വർക്കു ചെയ്യേണ്ടതു് ഏതു ഗവണ്മെന്റിന്റെ കീഴിലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർ ഇൻഡ്യാഗവണ്മെന്റുമായി കാൺട്രാക്റ്റു ചെയ്ത പ്രവൎത്തനം നടത്തുന്നതിനുള്ള ലയിസൺ ആഫീസർ മാത്രമാണ്.

ശ്രീ. എ. താണുപിള്ള: അവർ വർക്കു ചെയ്യേണ്ടതു് ഏതു ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ ഗവണ്മെന്റിന്റെ കീഴിലായിരിക്കും.

ശ്രീ. എ. താണുപിള്ള: അതേതു ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ബോർഡു് ആഫ് റവന്യൂവിന്റെ കീഴിലായിരിക്കും.

ശ്രീ. എ. താണുപിള്ള: ബോർഡിൽ ഏതു മെംബരുടെ കീഴിലായിരിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബോർഡിൽ ഏതു മെംബറിന്റെ കീഴിലായിരിക്കും അവർ വർക്കു ചെയ്യുന്നതെന്നു് എനിക്കിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ ഉപധനാഭ്യൎത്ഥനയെ എതിൎത്തുകൊണ്ടു് ചില കാര്യങ്ങൾ സംസാരിക്കാൻ ഞാൻ ഒരുങ്ങുകയാണ്. ഇതിൽ 26-ാമതു ഐറ്റത്തിൽ പറയുന്നതു് 70–150 രൂപ ശമ്പളത്തിൽ അനുവദിച്ച ഒരു ക്ലാർക്കിനു 125–200 ആയി അയാളുടെ ശമ്പളം ഉയൎത്തണമെന്നു കാണുന്നു. ഇവിടെ നിലവിലിരിക്കുന്ന ടൈംസ്കെയിലനുസരിച്ചു 40–120, 70–150 എന്നുള്ളതല്ലാതെ 125–200 എന്നു് ക്ലാർക്കന്മാൎക്കു ഒരു ഗ്രേഡുള്ളതായിട്ടു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ആ നിലയിൽ അതെപ്പററിയുള്ള ഒരു വിശദീകരണം ധനകാൎയ്യമന്ത്രിയിൽനിന്നും ഞാൻ പ്രതീക്ഷിക്കുകയാണ്.

താലൂക്കു് പുനർവിഭജനത്തിനുവേണ്ടി ഇപ്പോൾ ഒരു കമ്മിററിയെ നിയമിച്ചിരിക്കുന്നു. അതിലേയ്ക്കാവശ്യമായ ചെലവുകൾക്കു് വേണ്ടിയാണു് മറെറാരു ധനാഭ്യൎത്ഥന. സർ, ഈ കാൺഗ്രസ്സു്, ഭരണം കയ്യേററതിനുശേഷം പല കമ്മിററികളും നിയമിച്ചിട്ടുള്ളതിൽ ഇടതുപക്ഷപാർട്ടികളെ പല കമ്മിററികളിലും മാററി നിൎത്തുന്നതായ ഒരു നില സ്വീകരിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ടു്. ഭരണകക്ഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കമ്മിററികളിൽ, ഭരണകക്ഷിയിൽ ഇരിക്കുന്നവരെ സ്ഥാനംകൊടുത്തു പ്രീണിപ്പിക്കുക എന്നുള്ളതു് ഒരു നയമായി ഈ ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്നുവെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നതു്. സർ, ഇന്നു് കേരളസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു യാഥാൎത്ഥ്യമായിരിക്കുന്ന പരിതഃസ്ഥിതിയിൽ ഈ

കമ്മിററിയുടെ പ്രവർത്തനം തുടർന്നുകൊണ്ടുപോകണമോ വേണ്ടയോ എന്നുള്ള കാര്യം ഗവണ്മെൻറ ഗൌരവമായി ചിന്തിക്കേണ്ടതാണ്. വളരെ വേഗംതന്നെ ഒരു റീ ഡിസ്ട്രിബ്യൂഷൻ ആവശ്യമായിരിക്കുന്ന പരിതസ്ഥിതിയിൽ ഒരു ഭാഗത്തുമാത്രം ഒരു ഭേദഗതി വരുത്തുന്നതിനു ആവശ്യമായ ഒരു കമ്മിററി ഉണ്ടാക്കേണ്ടതുണ്ടോ. അതു വീണ്ടും പല കുഴപ്പങ്ങളും ഉണ്ടാക്കാൻ ഇടയുള്ളതുകൊണ്ടു് ഈ കേരളസംസ്ഥാനം യഥാർത്ഥമായി രൂപംകൊള്ളുന്നതുവരെ ഈ കമ്മിററിയുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

അതുപോലെ തന്നെ കേരളസംസ്ഥാന രൂപീകരണത്തോടൊപ്പം ചെങ്കോട്ടതാലൂക്ക് തമിഴ്നാട്ടിലേക്കു പോകുമെന്നുള്ളതാണ് ഇപ്പോൾ അറിവായിരിക്കുന്നതു്. ഈ താലൂക്ക് പുനർവിഭജനംകൊണ്ടു വളരെ അധികം ജനവാസമില്ലാത്തതും ഈ സംസ്ഥാനത്തോടു വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നതുമായ ചെങ്കോട്ട താലൂക്കിലെ ഫാറസ്റ്റ ഏരിയാ തമിഴ് നാട്ടിലേക്ക് പോകുന്നതാണ്. ഈ സംസ്ഥാനത്തെ അതു വളരെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഇപ്പോഴത്തെ നിലയ്ക്കു് ചെങ്കോട്ട താലൂക്കിൽപ്പെട്ട കഴുതയുരുട്ടിവരെ പോകേണ്ടിവരും. ഭൂപ്രകൃതികൊണ്ടു ചെങ്കോട്ട താലൂക്കിലെ എൻക്ലേവ്സ് മാത്രം വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. സംസ്ഥാന പുനർവിഭജനകമ്മിററിയുടെ റിപ്പോർട്ട് പുറത്തായിട്ടുണ്ടെങ്കിലും അതു് ഈ സഭയിൽ ചർച്ചയ്ക്കെടുക്കാൻ നിവൃത്തിയില്ലാ എന്നു് ഗവണ്മെൻറിൽനിന്നു് അറിയിക്കുകയുണ്ടായി.

വിശദമായ ചർച്ചകളിൽ പല കാര്യങ്ങളും നിർദ്ദേശിക്കാൻ ഈ നിയമസഭയിലെ സാമാജികന്മാർക്കു കഴിയുമെങ്കിലും ഗവണ്മെൻറിനു് അടിയന്തിരമായി ഒരു റിപ്പോർട്ടു കേന്ദ്രത്തിലേയ്ക്കയയ്ക്കേണ്ട ചുററുപാടു വന്നിരിക്കുന്ന നിലയിൽ ചെങ്കോട്ട താലൂക്കിൻെറ ഭൂപ്രകൃതിയുടെ പ്രത്യേക സ്വഭാവവും വനവിഭവങ്ങളുടെ കാര്യവും കേന്ദ്രഗവണ്മെൻറിനെ അറിയിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മറെറാന്നു് എനിക്കു പറയാനുള്ളതു് ഡിസ്ട്രിക്റ്റ് കളക്റ്ററേററിൽ സ്റ്റാഫ് കൂട്ടുന്നതിനെ സംബന്ധിച്ചാണ്. ഈ അടുത്ത കാലത്തു് എക്സിക്യൂട്ടീവും ജൂഡിഷ്യറിയും വിഭജിച്ചതോടുകൂടി ഡിസ്ട്രിക്റ്റ് കളക്റ്റർമാർക്കുണ്ടായിരുന്ന പല അധികാരങ്ങളും ഡിസ്ട്രിക്റ്റ മജിസ്ട്രേട്ടന്മാരിലേയ്ക്കു മാറിയിട്ടുണ്ടു്. ഇപ്പോൾതന്നെ ഡപ്യൂട്ടി കളക്റ്റർമാരുണ്ടു്. പല സ്ഥലങ്ങളിലും ഇപ്പോൾ കളക്റ്റർമാർക്കു കാര്യമായ ജോലികൾ ഇല്ലാതായിരിക്കുന്നതു്. അങ്ങനെയിരിക്കെ ഇപ്പോൾ പേഴ്സണൽ അസിസ്റ്റൻറന്മാരെ സൃഷ്ടിക്കുന്നതായി കാണുന്നു. ഉയർന്ന ശമ്പളസ്കെയിലിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന, മുമ്പിലത്തെ മന്ത്രിസഭയെ ആക്ഷേപിച്ചു, ഉദ്യോഗവ്യവസായം തുടരണമോ എന്നു മുഖ്യമന്ത്രി കാര്യമായി ആലോചിക്കേണ്ടതാണ്. ഇത്രയും കാര്യങ്ങളാണ് എനിക്കു മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു്.

കേരളസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ള നടപടികളിൽ ശ്രദ്ധ ചെലുത്തേണ്ട ഈ അവസരത്തിൽ വീണ്ടും പ്രാദേശികമായ മത്സരങ്ങൾക്കു ഇടകൊടുക്കാത്തക്ക വിധത്തിൽ താലൂക്കു വിഭജിക്കുന്നതിനു് ഒരു കമ്മിററി വേണോ എന്ന കാര്യമായി ആലോചിക്കേണ്ടതാണ്. വീണ്ടും ഒരു പുതിയ തിരഞ്ഞെടുപ്പ് അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന സന്ദർഭ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ത്തിൽ ഈ കമ്മിററിയുടെ റിപ്പോർട്ട് വരികയോ അതിന്റെ അടിസ്ഥാനത്തിലുള്ള താലൂക്കുകൾ തിരിക്കുകയോ ചെയ്യാൻ സാധിക്കുന്നതല്ല: നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനമായി താലൂക്കുകളെ സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു രൂപം കൊള്ളാൻ പോകുന്ന കേരളാസ്റ്റേററിൽ ഇടതുപക്ഷങ്ങൾക്കു പ്രാതിനിധ്യമുള്ള ഒരു ഗവണ്മെൻറ് രൂപീകരിക്കാൻ ഇടയാകുമെന്നുള്ള നിലയിൽ രാഷ്ട്രീയ പരിഗണനകളുടെ അടിസ്ഥാനത്തിൽ താലൂക്കുകൾ വിഭജിക്കുന്നതിന് ഇടയാകുമെന്നു ഞങ്ങൾ ന്യായമായി ആശങ്കിക്കുന്നുണ്ട്. താലൂക്കുവിഭജനം രാഷ്ട്രീയ പരിഗണനകളുടെ അടിസ്ഥാനത്തിൽ ഭരിക്കുന്ന കക്ഷിയിലെ ആളുകൾക്കു ജയിക്കാനുള്ള രീതിയിൽ ഏണും കോണുമായി തിരിക്കുമെന്നുള്ളതുകൊണ്ട് ഒരു വലിയ മാററങ്ങൾക്കു മുമ്പിൽ നിൽക്കുന്ന ഈ അവസരത്തിൽ ഇടതുപക്ഷങ്ങൾക്കു തീരെ പ്രാതിനിധ്യമില്ലാത്ത ഈ താലൂക്കുവിഭജനക്കമ്മിററിയുടെ പ്രവർത്തനം തീർച്ചയായും നിറുത്തി വയ്ക്കേണ്ടതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള: ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. എക്സിക്യൂട്ടീവും ജുഡീഷ്യറിയും വിഭജിച്ചശേഷം കളക്ടർമാരാണ് 107-നുള്ള കേസ്സുകൾ വിസ്തരിച്ചുകൊണ്ടിരിക്കുന്നതു്. അതു് ഈ വിഭജനത്തിന്റെ മൌലികതത്വത്തിനുതന്നെ എതിരാണ്. അതുകൊണ്ട് ഈ കേസ്സുകൾ വിസ്തരിക്കുന്നതിനുള്ള അധികാരം മജിസ്ട്രേട്ടന്മാർക്കു കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ അഭിപ്രായം എന്താണെന്നു വിശദമാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു:

ശ്രീ. എം. എ. ആന്റണി: സർ, ഞാൻ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ബഹു: കൊല്ലം മെമ്പർ താലൂക്കുവിഭജനക്കമ്മിററിയുടെ പ്രവർത്തനം നിറുത്തിവയ്ക്കേണ്ടതിനെപ്പററിയും കളക്ടറേററിൽ കൂടുതൽ സ്റ്റാഫ് നിയമിക്കുന്നതിന്റെ അനാശാസ്യതയെപ്പററിയും പ്രസ്താവിക്കുകയുണ്ടായി. ഈ നാട്ടിലെ ജനങ്ങൾ വളരെ അധികം ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് നമ്മുടെ താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനു ഗവണ്മെൻറ് ഒരു കമ്മിററിയെ രൂപീകരിച്ചതു്. കഴിഞ്ഞ നിയമസഭയിലും അതിനു മുമ്പുള്ള നിയമസഭകളിലും മെമ്പറന്മാർ ഈ രാജ്യത്തെ താലൂക്കുകളുടെ അശാസ്ത്രീയമായ കിടപ്പിനെപ്പററിയും അതുമൂലമുള്ള ഭരണപരമായ വൈഷമ്യങ്ങളെപ്പററിയും ചൂണ്ടിക്കാണിച്ചു് അതിനെ പരിഹരിക്കാൻ ഒരു കമ്മിററിയെ നിയമിക്കണമെന്നാവശ്യപ്പെട്ടു. അതിന്റെ ഫലമായിട്ടാണ് ഈ കമ്മിററിയെ നിയമിച്ചതു്. 90 ചതുരശ്രമൈൽ വിസ്താരവും ഏകദേശം 80,000 ജനസംഖ്യയുമുള്ള വില്ലേജുകളും അതേസമയം 5 ചതുരശ്രമൈൽ വിസ്താരവും 10,000 ജനസംഖ്യയുമുള്ള വില്ലേജുകളും നമ്മുടെ രാജ്യത്തുണ്ട്. അതുപോലെതന്നെ വളരെ അധികം വിസ്താരമുള്ള താലൂക്കുകളും 17 ചതുരശ്രമൈൽ മാത്രം വലിപ്പമുള്ള താലൂക്കുകളും ഇവിടെയുണ്ട്. അങ്ങനെ പൊരുത്തമില്ലാതെ താലൂക്കുകളും വില്ലേജുകളും ഉള്ള ഈ രാജ്യത്തു ഭരണം ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനും മററും കാലതാമസം നേരിടുന്നു എന്നു കണ്ടാണു കമ്മിററി രൂപീകരിച്ചതു്. കേരളസംസ്ഥാനം ആസന്നമാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്ന ഈ ഘട്ടത്തിൽ കമ്മിററി തുടരേണ്ട എന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. കേരളസംസ്ഥാനത്തിൽ ഇടതുപക്ഷ ചായ്‌വുള്ള ഒരു ഭരണകൂടമാണു വരാൻ പോകുന്നതെന്നും, അതുകൊണ്ട് രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി താലൂക്കുകൾ പുനർവിഭജനം നടത്തുമെന്നും കൊല്ലം മെമ്പർ സൂചിപ്പിച്ചു. കേരളസംസ്ഥാനം രൂപീകൃതമാകുന്നതുകൊണ്ട് കോൺഗ്രസ്സിനു ഭരിക്കാൻ സാധിക്കുകയില്ലെന്നു കോൺഗ്രസ്സുകാർക്കും തന്നെ തോന്നിയിട്ടില്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. കേരളസംസ്ഥാനത്തിനു പ്രതിബന്ധമുണ്ടാക്കാൻ ആരും ആഗ്രഹിക്കുന്നില്ലെന്നും നേരെ മറിച്ച് കേരളീയരുടെ ചിരാഭിലാഷത്തിന്റെ ഫലമായി രൂപം കൊള്ളുന്ന കേരളസംസ്ഥാനത്തിനു വേണ്ട എല്ലാ സഹായങ്ങളും ചെയ്യാനാണു കോൺഗ്രസ്സുകാർ നിലകൊള്ളുന്നതെന്നു വ്യക്തമാക്കാനും ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു. ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലുള്ള താലൂക്കുകൾ പുനർവിഭജനം നടത്തുന്നതുകൊണ്ടു കേരളസംസ്ഥാനം വരുമ്പോൾ ആ ജോലി പാഴായിപ്പോകുമെന്ന് എനിക്കു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ യാതൊരുവിധ നിയമനിർമ്മാണങ്ങളോ പരിഷ്കാരങ്ങളോ നാം ചെയ്യാതെ എല്ലാം വരാൻപോകുന്ന കേരളസംസ്ഥാനത്തിനുവേണ്ടി മാററിവയ്ക്കുകയാണു വേണ്ടതു്. അങ്ങനെ നിശ്ചയിച്ചാൽ ഇന്നു ജനങ്ങൾക്കാവശ്യമായ യാതൊരു കാര്യവും ഗവണ്മെന്റിനു ചെയ്യാൻ സാധിക്കാതെ വരും. ഇന്നു നമ്മെ ഉററുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെല്ലാം വേറൊരവസരത്തിലേക്കു മാററിവയ്ക്കുക എന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. ഇന്നു നമ്മുടെ രാജ്യത്തെ താലൂക്കുകളും വില്ലേജുകളും പുനർവിഭജനം ചെയ്യുന്നതുകൊണ്ടു നമ്മുടെ സംസ്ഥാനത്തിനു യാതൊരു ദോഷവും വരാൻ പോകുന്നില്ല. സംസ്ഥാനപുനസ്സംഘടനാകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5 താലൂക്കുകൾ മാത്രമേ ഈ രാജ്യത്തുനിന്നും വിട്ടുപോവുകയുള്ളു. ഈ അഞ്ചു താലൂക്കുകളെ സംബന്ധിച്ചു മാത്രം കമ്മിററിയുടെ റിപ്പോർട്ട് അപ്രസക്തമാകുമെന്നല്ലാതെ ഇന്നൊരു തീരുമാനം കൈക്കൊള്ളുന്നതുകൊണ്ട് യാതൊരു ദോഷവും വരാൻപോകുന്നില്ല. രാഷ്ട്രീയപരിഗണനകൾ വച്ചുകൊണ്ടു താലൂക്കുകൾ സംവിധാനം ചെയ്യുമെന്നു പറയുന്നതിൽ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ആ വക യാതൊരു ചിന്താഗതികളും കൂടാതെ ഭരണസൌകര്യത്തെയും ജനങ്ങളുടെ സൌകര്യത്തെയും അടിസ്ഥാനമാക്കി പ്രവർത്തിക്കുകയാണു കമ്മിററിയുടെ ജോലി. നിയോജകമണ്ഡലം പുനഃസംവിധാനം ചെയ്യുന്ന ജോലി നിർവ്വഹിക്കുന്നതു് ഈ കമ്മിററിയല്ല. അതു സെൻട്രൽ ഗവണ്മെന്റിന്റെ ഒരു കമ്മിററിയാണ്. അതിനാൽ രാഷ്ട്രീയപരിഗണനകൾ വച്ചു താലൂക്കുവിഭജനം നടത്തുമെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല.

ഡിസ്ട്രിക്ററ് കളക്ടറേററിലുള്ള പേഴ്സണൽ അസിസ്റ്റന്റിന്റെ നിയമനത്തെപ്പററിയും ഇവിടെ പറയുകയുണ്ടായി. ഡിസ്ട്രിക്ററ് കളക്ടറേററിൽ ധാരാളം റവന്യൂജോലികൾ കുടിശ്ശികയായി കിടക്കുന്നുണ്ടെന്നു എന്റെ അനുഭവത്തിൽനിന്നും പറയാൻ കഴിയും. വളരെ അധികം രൂപ റവന്യൂഇനത്തിൽ പിരിച്ചെടുക്കേണ്ടതായുണ്ട്. ലാൻഡ് അക്വിസിഷനും അവരെയാണ് ഏല്പിച്ചിട്ടുള്ളതു്. അതു സംബന്ധിച്ച് അനേകം ഫയലുകൾ പെൻഡിംഗായി കിടപ്പുണ്ട്. ഇങ്ങനെയുള്ള കുടിശ്ശികകൾ തീർക്കുന്നതിനും മററുമായി ഒരു സ്റ്റാഫിനെ നിയമിക്കുന്നതു് അധി



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എ. ആന്റണി]

കമാണെന്നു എനിക്കു തോന്നുന്നില്ല. കൂടുതൽ ഉദ്യോഗപ്പട സൃഷ്ടിച്ചു രാജ്യത്തെ വരുമാനം ഉദ്യോഗസ്ഥന്മാർക്കു കൊടുക്കുന്നു എന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. നേരെ മറിച്ചു് ജനങ്ങൾക്കു നീതി എളുപ്പം ലഭിക്കത്തക്കവണ്ണം ഗവണ്മെന്റിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള ഒരു നടപടിയാണു സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു താലൂക്കുകമ്മിറ്റിയുടെ പ്രവർത്തനം യാതൊരു കാരണവശാലും നിറുത്തിവയ്ക്കരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

[Mr. Speaker in the Chair].

ശ്രീ. ജോസഫ് ചാഴിക്കാട്: ഇവിടത്തെ ജനറൽ അഡ്മിനിസ്ട്രേഷനെപ്പറ്റി പറയുമ്പോൾ Something is rotten in the State of Denmark എന്നു പറയേണ്ടിയിരിക്കുന്നു. ഇവിടെ നടക്കുന്ന ചില സംഭവങ്ങൾ ഞാൻ പറഞ്ഞാൽ ഇത്ര ഭയങ്കരമായ സംഗതികൾ നടക്കുന്നുണ്ടോ എന്നു് നമ്മുടെ നാട്ടിലെ ജനങ്ങൾ അത്ഭുതപ്പെട്ടുപോകും. എങ്കിലും ഒന്നുരണ്ടു് സംഗതികൾ പറയണമെന്നു് ഞാൻ വിചാരിക്കുന്നു. ഒരു മൂന്നു മാസങ്ങൾക്കു മുമ്പു് ഒരത്യാവശ്യകാര്യത്തിലേക്കു് എന്റെ സഹോദരൻ ഗവണ്മെന്റിലേക്കു് ഒരു അപേക്ഷ അയച്ചിരുന്നു. എല്ലാവരും ഞാൻ പറയുന്ന അക്രമത്തെപ്പറ്റി ശ്രദ്ധിച്ചു് കേൾക്കണം. ആ അപേക്ഷ അയച്ചു് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഞാൻ തിരുവനന്തപുരത്തു വരുന്ന അവസരത്തിൽ ആ അപേക്ഷയെപ്പറ്റി ഒന്നന്വേഷിക്കണമെന്നു് എന്നോടു് പറഞ്ഞിരുന്നു. ഞാൻ ചീഫ് സെക്രട്ടറി വരെ അതിനെപ്പറ്റി അന്വേഷിച്ചു. ചീഫ് സെക്രട്ടറിയും താഴെയുള്ള സെക്രട്ടറിമാരും എല്ലാവരുംകൂടി പരിശോധിച്ചിട്ടു് അങ്ങനെ ഒരപേക്ഷ ഇല്ലെന്നാണു് കണ്ടതു്. ഇതറിഞ്ഞു് ഞാൻ അപേക്ഷ അയച്ച ആളോടു് അയച്ചതിൽ വല്ല തെറ്റും പറ്റിയിട്ടുണ്ടോ എന്നു തിരക്കി. ചീഫ് സെക്രട്ടറിക്കു് അപേക്ഷ അയച്ചതിനുള്ള രജിസ്റ്റർ രസീതും അതു കൈപ്പറ്റി ഒപ്പിട്ടുകൊടുത്ത രസീതും ഹാജരാക്കി. മാസങ്ങൾ പലതു കഴിഞ്ഞു. ഈ പെറ്റീഷൻ കണ്ടുപിടിക്കാൻ ഇപ്പോൾ വലിയ ശമ്പളവും കൊടുത്തു വച്ചിരിക്കുന്ന ആന്റികറപ്ഷൻ ആഫീസർക്കു് ഒരു പെറ്റീഷൻ കൊടുത്തു. ഒരു ഫലവുമില്ല. അതു് റിജക്റ്റ ചെയ്തോ സ്വീകരിച്ചോ എന്നുള്ളതിനു് ഒരു മറുപടി കിട്ടേണ്ടതായിരുന്നു. ആ അപേക്ഷയിലെ രണ്ടു രൂപ സ്റ്റാമ്പു് കീറിയെടുത്തു് മന്ത്രിമാർ അപേക്ഷ നശിപ്പിച്ചുകളഞ്ഞു. മന്ത്രിമാരെന്നു ഞാൻ പറഞ്ഞതു് അവർ ആ അപേക്ഷ കണ്ടുപിടിക്കാൻ കഴിവില്ലാത്തതുകൊണ്ടു ഉത്തരവാദികളായതുകൊണ്ടാണു്. ഗവണ്മെന്റിനു കൊടുക്കുന്ന അപേക്ഷകളിൽ ഒട്ടിച്ചിരിക്കുന്ന രണ്ടുരൂപ സ്റ്റാമ്പുകൾ കീറിയെടുത്തു് അപേക്ഷകൾ നശിപ്പിച്ചു വരുന്നു വിവരം ഞാൻ ഇവിടെ അറിയിച്ചുകൊള്ളുന്നു. ഈ ഭയാനകമായ സംഭവം സെക്രട്ടറിയേറ്റിലും മറ്റു ഗവണ്മെന്റാഫീസുകളിലും ആവർത്തിക്കാതിരിക്കുന്നതിനു് ഇന്നത്തെ മന്ത്രിമാർക്കു് സാധിക്കുമെങ്കിൽ വേണ്ടതു ചെയ്യേണ്ടതാണു്. ഒന്നല്ല, പത്തല്ല, അനവധി അപേക്ഷകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. സർ, തീവണ്ടികളിൽ ആഭരണങ്ങൾ ധരിച്ചുകൊണ്ടു യാത്ര ചെയ്യുന്ന സ്ത്രീകളെ ചിലപ്പോൾ വെട്ടിക്കൊന്നിരിക്കുന്നതായി പത്രങ്ങളിൽ കാണാറുണ്ടു്. ആ സ്ത്രീകളോടുള്ള വിരോധംകൊണ്ടല്ല ... അതുപോലെ

ഈ സ്റ്റാമ്പിനുവേണ്ടി അനവധി പെററിഷൻ നഷ്ടപ്പെട്ടിട്ടുണ്ടു്. എന്നാൽ ഈ സംഭവം ഇവിടെ നടക്കുന്നതു് രാജ്യത്തിനു രക്ഷയല്ല. എന്തെങ്കിലും അത്യാവശ്യ കാര്യങ്ങൾക്കു് പരിഹാരം കാണുന്നതിനുവേണ്ടി രണ്ടുരൂപ സ്റ്റാമ്പൊട്ടിച്ചു് അയയ്ക്കുന്ന അപേക്ഷകളിലെ സ്റ്റാമ്പു് കീറിയെടുത്ത ശേഷം അപേക്ഷ നശിപ്പിക്കുകയാണെങ്കിൽ എന്തിനാണു് ഈ ഭാരിച്ച നിയമം? അഞ്ചുപേർ പഞ്ചപാണ്ഡവന്മാരായി അവിടെ ഇരിക്കുന്നുണ്ടല്ലോ. ഈ മാതിരി പ്രവൃത്തികൾ മേലാൽ ഉണ്ടാകാതിരിക്കത്തക്ക നടപടി എടുക്കാൻ നിങ്ങൾക്കു് ബലമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്? വേറൊരു സംഭവംകൂടി ഞാൻ പറയാം.

ഇതിനു മുമ്പു് നിലവിലിരുന്ന പി. എസ്. പി. ഗവണ്മെന്റിന്റെ ഭരണകാലത്തു് കടനാട്ടിൽ ഒരാശുപത്രി വേണമെന്നുള്ളതിലേക്കു് ഞാൻ ഒരപേക്ഷ കൊടുക്കുകയും എന്റെ മുമ്പിലിരിക്കുന്ന ശ്രീ. പി. കെ. കുഞ്ഞു് അനുവദിക്കുകയും................

മി. സ്പീക്കർ: സപ്ലിമെന്ററി ഡിമാന്റിനെ ബന്ധിക്കുന്ന കാര്യങ്ങളാണു് പറയേണ്ടതു്.

ശ്രീ. ജോസഫ് ചാഴിക്കാട്: ജനറൽ അഡ്മിനിസ്ട്രേഷനിൽ ഇതെല്ലാം പെടും. ശ്രീ. പി. കെ. കുഞ്ഞു് ആർഡർ ചെയ്തു. സെക്രട്ടറിയുടെ കയ്യിൽ വന്നപ്പോൾ ആ അനുവാദം നശിച്ചിരിക്കുന്നു. ഗവണ്മെന്റിന്റെ ഉത്തരവുകൾ നശിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനു് പണം അനുവദിച്ചു തരികയോ! ആ പെററിഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി ഞാൻ അന്വേഷണം നടത്തിയിട്ടുണ്ടു്. ഇന്നുവരെ കണ്ടുകിട്ടിയിട്ടില്ല. മന്ത്രിമാർ കൊടുക്കുന്ന കല്പനകൾ തന്നെ നശിപ്പിക്കുന്നുവെങ്കിൽ എന്തു രക്ഷയാണു് ജനങ്ങൾക്കുള്ളതു്? സങ്കടനിവാരണത്തിനുവേണ്ടി ജനങ്ങൾ അയയ്ക്കുന്ന ഹർജികളിലെ സ്റ്റാമ്പെടുത്ത ശേഷം ഹർജി വലിച്ചുകീറിക്കളയുന്ന ഇവർ എന്തിനു് ഭരണം നടത്തുന്നു. ഒരെററപൈയും അനുവദിച്ചുകൊടുത്തുകൂടാ. ഇവർ ഭരിക്കാൻ കൊള്ളുമെങ്കിൽ എത്രപണം വേണമെങ്കിലും അനുവദിച്ചുകൊടുക്കാം. മന്ത്രിമാർ സ്റ്റാമ്പെടുത്തു എന്നു പറയുന്നതു് വെറുതെയാണു്. അവർ രണ്ടുരൂപ സ്റ്റാമ്പു് എടുക്കുകയില്ല. വലിയ തുകയാണെങ്കിൽ അവർ എടുത്തുവെന്നു വരാം. ഇവർക്കു് ഒരു കുറവുണ്ടു്. ഇവരുടെ കീഴിലുള്ളവർക്കു് ഇവരെ ഭയമില്ല. ഭരിക്കുന്ന ആളുകളിൽ ഭയമുണ്ടായിരിക്കണം. Men may come and men may go എന്ന രീതിയിൽ മിനിസ്ട്രി പോവുകയും വരികയും ചെയ്യുന്നു. മന്ത്രിമാരോടു് ഞാൻ താഴ്മയായി അപേക്ഷിക്കുന്നു; ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കാതാക്കണം. രണ്ടുരൂപ സ്റ്റാമ്പുകൾ വലിച്ചുകീറുന്ന ആളുകളുണ്ടു്. There is many a slip between the cup and the lip. അതുപോലെ മന്ത്രിമാരുടെയും താഴെയുള്ളവരുടെയും ഇടയ്ക്കാണു് സ്റ്റാമ്പു് പോകുന്നതു്. ഈ രാജ്യത്തെ ജനങ്ങളെല്ലാം ഇതറിയണം. ഇതിനു് ഒരു നിർദ്ദേശം എനിക്കു് തരാനുണ്ടു്. പെററിഷൻ സ്റ്റാമ്പുകൂടാതെ നേരിട്ടു് അയയ്ക്കുന്നതിനും അതു കിട്ടിയ ശേഷം മന്ത്രിമാരോ അധികാരപ്പെട്ട സെക്രട്ടറിമാരോ സ്റ്റാമ്പു് അയച്ചുതരാൻ ആവശ്യപ്പെടുകയും വേണം. അപ്പോൾ സ്റ്റാമ്പു് നേരിട്ടു് കൊണ്ടുപോയി കൊടുത്തുകൊള്ളും. മന്ത്രിമാരും സെക്രട്ടറിമാരും ഇതുപോലുള്ള കുഴപ്പങ്ങൾ മേലാൽ ഉണ്ടാകാതിരിക്കുന്നതിനു ശ്രദ്ധിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Dr. A. R. Menon: I wish to bring to the notice of this House a few points with regard to the redistribution of taluks. As things stand to-day, the Kerala Province is going to be materialised within the year 1956. The size of a taluk in Malabar is three or four times the size of a taluk in our State. For example, the Ponnani taluk is almost equal in size to the Cochin State. If you redistribute the taluks now, either you will have to increase the size of the taluks of this State, or the Malabar taluks would have to be redistributed to the size of a taluk in this State. There is another complication. The pay in the Revenue Department, in the Travancore-Cochin State I think, is little less than the pay in Malabar. Therefore, if you are going to redistribute or................

Shri K. C. George: Is the hon. Member supporting or opposing the Demand?

Dr. A. R. Menon: I am explaining things. It is immaterial whether I am supporting or opposing. The object is to supply information to the Council of Ministers.

Shri A. Thanu Pillai: May I know the number of taluks in Malabar?

Dr. A. R. Menon: Eight or nine taluks. The size of Malabar is three to four times the size of Cochin. Either you have to reduce the size of the taluks in Malabar, which will involve much expenditure. As a matter of practice we spend more money for administration than any other, State. Nearly 40 percent of our revenue is being spent upon officers and if we go at this rate, where is the end? The money collected is simply distributed among a minority of population under the name of Officials. A substantial portion must be returned to the people in remunerative, constructive development works. We do not attach so much importance to that aspect of the question; but we consider more about salaries. For example day before yesterday a list was given raising the salary of certain persons from Rs. 400 to Rs. 500. I have no objection in raising the salary of anybody. But you must realise that you are the custodian of public money and that it is your duty that the expenditure is reduced to the barest minimum. Tax is collected not as a penal measure; it is collected from the people in order to give them back in some form or other, to improve their material and cultural positions. You must hold that point in view. You are spending nearly 40 percent of the revenue. You must realise the

LIBRARY ARCHIVES Kerala Legislative Assembly

responsibility. A question was raised in one of the States. A member got up and said 'You are spending 20 percent of the revenue for running the administration; it may not be proper to reduce it'. Do you know what the Chief Minister has said? He said 'In Travancore-Cochin they are spending 40 percent and we are spending only 20 percent'. A break is inevitable. If you go at this rate you will become to a bankrupt state. You are begging money from the Centre and squandering it in various forms. This House, irrespective of party affiliation, has a responsibility to the people and the greatest of all the responsibility is to see that the public fund is properly managed with proper economy. Any Officer who thinks that public money is his own money is unfit to be in service. I may give you an example. Take the tours of the Ministers. Start at 9 O' Clock from Trichur, reach at half past one at Nemmara, stay for 30 minutes there, start again, reach Trichur at 12, stay there till 1 or 2 and go to Nelliampathy and from there to Kozhinjampara at 5 O' clock, attend some function there and have dinner there and restart. What work can a Minister do? Do they know that this kind of work sets a bad precedent, and creates a bad impression in their staff? Not a single work is executed, simply running about like a circus company and coming back. I feel aggrieved, I feel depressed that in a democratic Government, the Ministers who are the sole custodians of the reponsibility could behave in this manner. Why do you go about opening a tea shop or laying the foundation of a barber's shop? I don't mind the T. A., but the files are accumulating and as Mr. Watts told me once, five rooms are occupied.

Mr. Chzhikkattu Joseph complained of one instance. I am quoting another. A poor man, one of the foremost contractors in Cochin N. O. Enasu who died recently could not realise his money before his death. One month back he said, 'I am now a bankrupt because Government have not paid me'. Is it not your duty to pay the money in proper time? Whether it is Congress or Communist, if the Ministers do not do their work properly I have an obligation to say that this sort of thing must come to an end. This kind of things lead to anarchy (hear, hear). A Government mismanaging, bungling, will lead to anarchy unless you reform yourself and see that things are put in proper form. It is better not to procceed with the re-organisation of the taluks beccause you have to reorganise again.

LIBRARY ARCHIVES Kerala Legislative Assembly

[DR. A. R. MENON]

There is another clause in the States Re-organisation Committee Report included by the Government of India. 50% of the key posts in a State should be filled by persons from other States. Therefore the rates of pay in the States have to be the same. You cannot pay two different scales. The Government of India now realise that a linguistic province is a disintegrating force and they want some other form of binding force. One of the methods is that 50 percent of the Key posts must be filled in by persons of other States. Travancoreans will go to Mysore, Mysoreans to Madras and Madrasees to Travancore. It follows that there must be same scales of pay in all these States. There is multiplicity of Tahsildars, you don't pay them well, and you don't give them work. You give them a limited work and you give them low pay. Pay them well and give them more work. We are going to have a bigger Union, we are going to have greater trouble. Therefore think about these things well and try to improve the administration.

I hope the Ministers will try to improve the tone of the administration. The administration is not a plaything. Administration is not a kind of picnic. It is something more serious than that, but so far a neglected thing. As I observed the other day, this brings the state into disrepute and destruction and those persons responsible will also share that destruction.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇവിടെ ഡിസ്ട്രിക്റ്റ് കളക്ടറന്മാരുടെ ശമ്പളകാര്യത്തെപ്പററിയും, അവരുടെ ആഫീസിലെ സ്റ്റാഫിന്റെ കാര്യത്തെപ്പററിയും ഒന്നുരണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചുകേട്ടു. ഡിസ്ട്രിക്റ്റ് കളക്ടറന്മാരുടെ കാര്യമൊന്നും ഞാൻ കൊണ്ടുവന്നിട്ടുള്ള ഡിമാന്റിലില്ല. ഈ പുസ്തകത്തിൽ 24, 25, 26, 27 എന്നീ ഇനങ്ങളിലായി ചേർത്തിട്ടുള്ള സപ്ലിമെന്ററി ലിസ്റ്റാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കാര്യങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല, അത് പ്രസക്തമാണെന്നും തോന്നുന്നില്ല.

വളരെ കാര്യമായി ഇവിടെ ചർച്ചനടന്നത് 25-ാമത്തെ ഐററത്തെപ്പററിയാണ്. വില്ലേജുകളും താലൂക്കുകളും റീഡിസ്ട്രിബ്യൂട്ടു ചെയ്യുന്നതിന് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിററി പ്രവർത്തനം തുടരണമോ, ആ കമ്മിററിതന്നെ തുടരണമോ, ആ കമ്മിററിയുടെ ഘടന ശരിയാണോ, ഗവണ്മെന്റ് രാഷ്ട്രീയപരിഗണന വച്ചുകൊണ്ട് നിയമിച്ചതാണോ എന്നെല്ലാം പല പ്രശ്നങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ കമ്മിററിയുടെ പ്രവർത്തനം മൂലം നിയോജകമണ്ഡലങ്ങൾ വളരെയേറെ വലുതാക്കിയും, ചിലത് വളരെ ചെറുതാക്കിയും കുഴപ്പം ഉണ്ടാക്കണമെന്ന് വിചാരിച്ചിരുന്നില്ല. തിരുവിതാംകൂറും കൊച്ചിയും

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ യോജിപ്പിച്ചതിനുശേഷം അതിർത്തികളെ സംബന്ധിച്ചിടത്തോളം പല അനാമലീസും ഉണ്ട്. ഒരു ഉദാഹരണം പറയാം. പറവൂർ താലൂക്കിലുള്ള പുത്തൻചിറ പകുതി മുകുന്ദപുരം താലൂക്കിൽ ഒരു ദ്വീപുപോലെ കിടക്കുകയാണ്. തിരുവിതാംകൂറും കൊച്ചിയും പ്രത്യേകമായിരുന്ന കാലത്തു തന്നെ അങ്ങനെ കിടക്കുകയാണ്. ആ വില്ലേജിലെ ആളുകൾക്ക് കരം ഒടുക്കണമെങ്കിലും, തഹസീൽദാരെ കണ്ട് എന്തെങ്കിലും കാര്യം നടത്തണമെങ്കിലും അവരുടെ താലൂക്ക വിട്ട് പറവൂർ താലൂക്കിൽ പോകണം. അതുപോലെതന്നെ വൈക്കം താലൂക്കിൽ, മണകുന്നം പകുതി എറണാകുളത്തിനടുത്തു കിടക്കുകയാണ്. അവർക്ക് എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ മൂന്നു കടത്തു കഴിഞ്ഞ് വൈക്കത്തുപോകണം. അതുകൊണ്ട് മണകുന്നം കൊച്ചി–കണയന്നൂർ താലൂക്കിൽ ചേർക്കണമെന്ന് ഒരു അഭിപ്രായമുണ്ട്. കോടതിയുടെ കാര്യത്തിലും ഈ വിഷമങ്ങൾ ഉണ്ടായിരുന്നു. ആ വിഷമം മിക്കവാറും ഇപ്പോൾ തീർന്നിരിക്കുകയാണ്. 1954-ൽ അതിലേയ്ക്ക് ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷൻ വേണ്ട അന്വേഷണം നടത്തി കോടതികളുടെ അധികാരാതിർത്തി സംബന്ധിച്ചുണ്ടായിരുന്ന ചില്ലറ കുഴപ്പങ്ങൾ ശരിയാക്കിയിട്ടുണ്ട്. ഡാക്ടർ എ. ആർ. മേനോനും, ശ്രീ. ടി. കെ. ദിവാകരനും പറഞ്ഞതുപോലെ, സംസ്ഥാനത്തിന് രൂപഭേദം വരുമ്പോൾ ഇതുകൊണ്ട് കൂടുതൽ ദോഷമൊന്നുംതന്നെ വരികയില്ലെന്നുവേണം. സാമാന്യമായിട്ട് വിചാരിക്കാൻ. അഥവാ റിപ്പോർട്ട് പാസ്സാകുകയും, ഇവിടെ അതിന്റെ ആവശ്യമില്ലെന്നു ബോദ്ധ്യംവരികയുംചെയ്താൽ കമ്മിററിയുടെ പ്രവർത്തനം വേണ്ടെന്നാണെങ്കിൽ അങ്ങനെ ചെയ്യാം.

ശ്രീ. ടി. കെ. ദിവാകരൻ: ഐററം 26-ൽ, 125–200 ഉറപ്പിക സ്കെയിലിൽ ഒരു ക്ലറിക്കൽ ഗ്രേഡ് കാണുന്നു. അങ്ങനെയൊരു ഗ്രേഡ് സംസ്ഥാനത്തുണ്ടോ? ലോവറും അപ്പറും എന്നു രണ്ടല്ലേ ഉള്ളു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിൽ അങ്ങനെ പറഞ്ഞിരിക്കുന്നു. സൂക്ഷ്മമായി നാളെ പറയാം.

ഈ വക കാര്യങ്ങൾ പരിഗണിച്ച് ഈ ഉപധനാഭ്യർത്ഥന അനുവദിച്ചുതരണമെന്നാണ് എന്റെ അപേക്ഷ.

The question that a supplementary sum not exceeding Rs. 48,200 be granted under Demand IX 25—General Administration was put and carried.

The grant was made.

## Demand XII-25. General Administration.

*Home Minister* (SHRI. A. J. JOHN): I move for a Supplementary grant of Rs. 1,07,200 under Demand XII-25-General administration.

*Chief Minister* (SHRI. PANAMPILLI GOVINDA MENON): I second it.

ശ്രീ. എ. ജെ. ജാൻ: ഐററം 28-ൽ ചേർത്തിരിക്കുന്നത് 11,600 രൂപയാണ്. അതായത്, തൃശ്ശൂർ ഡിസ്ട്രിക്റ്റ് കളക്ടറാഫീസിൽ,

LIBRARY ARCHIVES Kerala Legislative Assembly